കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാണ്ടനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 7-1270 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 7-1270 /2023 തീയ്യതി: 01/12/2023

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ആർ.രാജീവ്	ഡെപ്യൂട്ടി ഡയറക്ടർ	03-10-2023	11-10-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-10-2023	11-10-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സുഷ റ്റി പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ആശ.വി.നായർ	പ്രസിഡന്റ്	01-04-2022	28-06-2022
ശ്രീമതി.ശാന്തി.എസ്	പ്രസിഡന്റ്	29-06-2022	05-07-2022
ശ്രീ.മനോജ് കുമാർ.കെ	പ്രസിഡന്റ്	06-07-2022	14-07-2022
ശ്രീമതി.ജെയിൻ ജിനു ജേക്കബ്	പ്രസിഡന്റ്	15-07-2022	31-03-2023
ശ്രീമതി.ഷൈലജ.പി.എം	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.അർച്ചന.യു.എസ്	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ.അശ്വതി.പി.നായർ	വെറ്റിനറി സർജൻ	01-04-2022	25-10-2022
ഡോ.വിഷ്ണു ആർ എസ്	വെറ്റിനറി സർജൻ	26-10-2022	31-03-2023
ശ്രീമതി.സൗമ്യമോൾ.യു	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-03-2023

ഡോ.ചിത്രാസാബു	മെഡിക്കൽ ഓഫീസർ, (ആരോഗ്യം)	01-04-2022	17-10-2022
ഡോ.സുരേഷ് കുമാർ	മെഡിക്കൽ ഓഫീസർ, (ആരോഗ്യം)	18-10-2022	31-03-2023
ഡോ.പാർവ്വതി.സി.എ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ഡോ.രാധിക.ആർ.നായർ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	31-03-2023
ശ്രീമതി.റീജമോൾ	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023
ശ്രീമതി.മേരിജിഷ.പി.ജെ	അസിസ്റ്റന്റ് എൻജിനീയർ	01-04-2022	31-03-2023
ശ്രീ.ബൈജു.റ്റി.സി	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ-1	01-04-2022	05-09-2022
ശ്രീ.അഖിൽ വി പിള്ളെ	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ-1	06-09-2022	31-03-2023
വേക്കന്റ്	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ-2	01-04-2022	09-11-2022
ശ്രീമതി.ശ്രുതി ശങ്കർ	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ-2	10-11-2022	31-03-2023
ശ്രീമതി.റജിമോൾ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വികസന ഫണ്ട് (ജനറൽ) തുക എ.സി.ആറുമായി പൊരുത്തമില്ല	1-1-1
3	തൊഴിലുറപ്പ് പദ്ധതി - ചെലവ് തുകകൾ M.I.S സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല	1-1-2
4	ലോൺ ബാദ്ധ്യതയില്ലായെങ്കിലും ഉറവിടത്തിൽ നിന്നും തുക കുറവ് ചെയ്യുന്നു-കണക്കിൽ കൃത്യതയില്ല	1-1-3
5	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ബാലൻസ് തുകകൾ എ.സി.ആറുമായി പൊരുത്തമില്ല	1-1-4
6	ഇ-പെയ്മെന്റ് അക്കൗണ്ടിൽ മുൻ വർഷ ക്ലോസിംഗ് ബാലൻസ് തൻ വർഷത്തെ ഓപ്പണിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	Excess Income Over Expenditure തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല	1-1-6
8	ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല	1-1-7
9	Directly Debited By Bank എന്ന ഇനത്തിൽ കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-8
10	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല	1-1-9
11	Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല	1-1-10
12	വസ്തുനികുതി ഡി.സി.ബി- സഞ്ചയ, ILGMS കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-11
13	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-12
14	ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല	1-1-13
15	പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-1-14
16	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-15
17	പ്രൈയർ പീരീഡ് ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല	1-1-16
18	ബജറ്റ്	1-2
19	സാമ്പത്തിക വിശകലനം	1-3
20	ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)	1-4
21	പദ്ധതി അവലോകനം.	1-5
22	ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
23	ക്ഷേമപദ്ധതികൾ	1-7
24	ക്യാഷ് വേരിഫിക്കേഷൻ	1-8
25	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
26	തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം	1-10
27	വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചില്ല	1-11
28	കടമുറി വാടകയ്ക്ക് നൽകുന്നില്ല	1-12
29	പാണ്ടനാട് പ്രയാർ ജെ.ബി സ്ക്കൂൾ പഴയ കെട്ടിടം ലേലം പൂർത്തീകരിച്ചില്ല	1-13
30	ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 48906.50 രൂപയുടെ നീക്കിയിരുപ്പ്	1-14
31	ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് സബ്സിഡി തുക ക്രെഡിറ്റ് ചെയ്യപ്പെട്ടില്ല, അർഹമായ ആനുകൂല്യം നഷ്ടമായി	1-15
32	സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല	1-16
33	സേവനപുസ്തകം സൂക്ഷിയ്ക്കുന്നില്ല - താൽക്കാലിക ജീവനക്കാരുടെ സേവനവിവരങ്ങൾ ലഭ്യമല്ല	1-17
34	കുടിവെള്ള പദ്ധതി നടപ്പായില്ല, ഡെപ്പോസിറ്റ് പൂർണ്ണമായി തിരികെ ലഭിച്ചില്ല	1-18
35	റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല	1-19
36	എം.സി.എഫ് സ്ഥാപിക്കൽ - പ്രവൃത്തി ഇതേ വരെ പൂർത്തീകരിച്ചില്ല	1-20
37	പ്ലാക്കീഴിൽ പടി കോതേക്കാട്ടിൽപ്പടി റോഡ് പുനരുദ്ധാരണം-അപാകതകൾ	1-21
38	തൊഴിലുറപ്പു പദ്ധതിയിൽ സിമന്റിന് വിപണി വിലയേക്കാൾ അധിക നിരക്ക്	1-22

	അനുവദിച്ചിരിക്കുന്നു	
39	ഇന്റർ ലോക്ക് പാകുന്നതിന് ഉയർന്ന നിർക്ക് കണക്കാക്കിയിരിക്കുന്നു	1-23
40	കട്ടിൽ വാങ്ങൽ-അർഹതാ മാനദണ്ഡങ്ങൾ പാലിച്ചില്ല	1-24
41	വീട് പുനരുദ്ധാരണം - തിരികെ അടച്ച തുക തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.	1-25
42	ലൈഫ് പദ്ധതി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല	1-26
43	ഹോമിയോ മരുന്നുകൾ ലഭ്യമായില്ല	1-27
44	ഒ ഡി എഫ് തുല്യത - വാലേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആനുകൂല്യം അനുവദിച്ചു	1-28
45	യോഗ പരിശീലനം-അപാകതകൾ	1-29
46	ബയോ ബിൻ വാങ്ങൽ - വിതരണ രേഖകൾ ഹാജരാക്കിയില്ല	1-30
47	മെനിസ്ട്രുവൽ കപ്പ്-വിതരണ രേഖകൾ ഹാജരാക്കിയില്ല	1-31
48	അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ -ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ	1-32
49	ഹരിത കർമ്മ സേനയ്ക്കുള്ള വാഹനത്തിന് ഡ്രൈവറെ നിയോഗിച്ചിട്ടില്ല	1-33
50	പഠന മുറി -നിർമ്മാണം പൂർത്തീകരിച്ചില്ല	1-34
51	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്	1-35
52	ഹരിത കർമ്മ സേനയുടെ പ്രവർത്തനം നിലവിലും പ്രാരംഭ ദശയിൽ	1-36
53	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ	1-37
54	ലോൺ ബാദ്ധ്യതയില്ലായെങ്കിലും ഉറവിടത്തിൽ നിന്നും തുക കുറവ് ചെയ്തു, വികസന ഫണ്ടിനത്തിൽ നഷ്ടം	1-38
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	പ്ലാക്കീഴിൽ പടി കോതേക്കാട്ടിൽപ്പടി റോഡ് പുനരുദ്ധാരണം-അപാകതകൾ	3-1
	ഭാഗം 4	
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിയ്ക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26/07/2023ലെ 1(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 വികസന ഫണ്ട് (ജനറൽ) തുക എ.സി.ആറുമായി പൊരുത്തമില്ല

വികസന ഫണ്ട് (ജനറൽ) എസിആർ പ്രകാരമുള്ള ചെലവ് തുകയും (7649598) വാർഷികകണക്ക് പ്രകാരമുള്ള (I-6+Capital Contribution) ചെലവ് തുകയും (7763883/-) പൊരുത്തപ്പെടുന്നില്ല.

1-1-2 തൊഴിലുറപ്പ് പദ്ധതി - ചെലവ് തുകകൾ M.I.S സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

MNREGS ഇനത്തിലെ ആകെ ചെലവുകൾ (അഡ്മിൻ+തൊഴിലാളികളുടെ കൂലി+ Capital Contribution =22000172/-) M.I.S സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

1-1-3 ലോൺ ബാദ്ധ്യതയില്ലായെങ്കിലും ഉറവിടത്തിൽ നിന്നും തുക കുറവ് ചെയ്യുന്നു- കണക്കിൽ കൃത്യതയില്ല

സ്ഥാപനത്തിന് നിലവിൽ ലോൺ ബാദ്ധ്യതയില്ല. മുൻ വർഷ (2021-22) എ.എഫ്.എസിൽ (B-5) Secured Loan ഇനത്തിൽ ഔട്ട് സ്റ്റാന്റിംഗ് ബാലൻസ് '0'ആയിരുന്നുവെങ്കിലും തൻവർഷം ജി.ഒ പ്രോജക്ടായി 556944/- രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തു.

1-1-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ബാലൻസ് തുകകൾ എ.സി.ആറുമായി പൊരുത്തമില്ല

B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ക്രമീകരിക്കാൻ അവശേഷിക്കുന്ന താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബാലൻസ് തുകകൾ മാന്വൽ എ.സി.ആറുമായി പൊരുത്തമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ACR പ്രകാരമുള്ള നീക്കിയിരുപ്പ്	AFS പ്രകാരമുള്ള നീക്കിയിരുപ്പ്
320200399	Grant & Fund – Other Purposes	25733	733
320100199	Grant & Fund - Keralolsavam	6291	6151
320100198	Grant & Fund – Suchitwa Mission	1724173	1328686
320300199	Grant & Fund – Other Govt. Agencies	354774	314774
320700105	Grant & Fund – Joint Venture Capital(Dist. Panct)	1293044	25892
320700205	Grant &Fund- Joint Venture Revenue(Dist. Panct)	250498	65350
320800101	Grant & Fund – Beneficiary Contribution	266602	ലഭ്യമല്ല
320100202	Grant & Fund – Health Grant To PHC	0	1507
320100204	Grant & Fund - Health Grant II	0	704
320200104	CFC Grant (Untied) - Bank	1677593	450734
320200113	CFC Grant (Tied) - Bank	4021200	2526190
320200304	Grant – Solid Waste Management	0	497000
320100139	Grant – National Health Mission	0	295072

1-1-5 ഇ-പെയ്മെന്റ് അക്കൗണ്ടിൽ മുൻ വർഷ ക്ലോസിംഗ് ബാലൻസ് തൻ വർഷത്തെ ഓപ്പണിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ ഇ-പെയ്മെന്റ് അക്കൗണ്ടിന്റെ മുൻ വർഷത്തെ വർഷാന്ത്യ ക്ലോസിംഗ് ബാലൻസ് (RP40(b)) – 580586/- രൂപയായിരുന്നു. എന്നാൽ തൻവർഷ എ.എഫ്.എസ് ൽ ഓപ്പണിംഗ് ബാലൻസ് (RP 40(a)) – 580611/- രൂപയാണ്. 25/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-6 Excess Income Over Expenditure തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

മുൻ വർഷ, തൻവർഷ ബാലൻസ് ഷീറ്റുകൾ, തൻ വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ B-1 ഷെഡ്യൂളിൽ ഉൾപ്പെട്ട Excess Income Over Expenditure തുക പൊരുത്തപ്പെടുന്നില്ല. ടി ഷെഡ്യൂളിലെ തുകയുടെ (-)21694391.70 കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-7 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ (B-18 ഷെഡ്യൂൾ) ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻ കാലയളവിലെ തുകയുടെ (300/-) വിശദാംശങ്ങളും കൃത്യതയും വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-8 Directly Debited By Bank എന്ന ഇനത്തിൽ കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

UBI Ownfund (A/c 520101027659697) ൽ നിന്നും Directly Debited By Bank എന്ന ഇനത്തിൽ കുറവ് ചെയ്ത 83402/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.(29.03.23 – 71500/-, 21.03.2023 - 11902/-)

1-1-9 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

കെ.എസ്.ഇ.ബി യിൽ നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമായ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകയുടെ (KSEB-2127787) കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-10 Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ 2022-23 വർഷം പാർട്ട്ബിൽ നൽകിയ മുഴുവൻ തുകകളും B -11 (B) Capital Work In Progress എന്ന ഹെഡ്ഡിൽ ചേർത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല.

1-1-11 വസ്തുനികുതി ഡി.സി.ബി- സഞ്ചയ, ILGMS കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഇനത്തിൽ സഞ്ചയ പ്രകാരവും വാർഷികകണക്കിലേയും (ILGMS) ഡി.സി.ബി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

1-1-12 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-13 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-1686254.00) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (551137) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-14 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിച്ചിട്ടില്ല.

1-1-15 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-16 പ്രൈയർ പീരീഡ് ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല

പ്രൈയർ പീരീഡ് ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത (ഷെഡ്യൂൾ I-18, തുക (-)211066) നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/9.10.2023) മറുപടി ഹാജരാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	105559000	109852500
വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ)	71616168	79677881

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടും വിധം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	5590924
വരവ്	17697664
ആകെ	23288588
ചെലവ്	17146527
നീക്കിയിരിപ്പ്	6142061

1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	-	11003000	11003000	7763883	3239117
വികസനഫണ്ട് എസ്.സി.പി.	-	5145000	5145000	4387732	757268

വികസനഫണ്ട് ടി.എസ്.പി.		-	-	-	-	-
സംരക്ഷണഗ്രാന്റ് റോഡ്		-	4041000	4041000	595436	3445564
സംരക്ഷണഗ്രാന്റ് നോൺറോഡ്		-	4570000	4570000	2896714	1673286
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	Tied (Bank)	1822200	2199000	4021200	1495010	2526190
	Tied (TRY)	-	1065558	1065558	1065558	-
	Untied (Bank)	160614	1577278 (1466000+Interest 111278)	1737892	1287158	450734
	Untied (TRY)	-	60299	60299	60299	-

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 801199/-രൂപ, 325145/-രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഇപ്രകാരം ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും എ.സി.ആറിലും അപാകത സംഭവിച്ചതിനാൽ വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി) ഇനങ്ങളിലെ വരവ്, ചെലവ്, ബാലൻസ് തുകകൾ യഥാർത്ഥ വരവ്, ചെലവ്, ബാലൻസ് കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല. സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള ജി.ഒ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം/ പേര്	ചെലവ്	ഫണ്ടിനം
198/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	189800	വികസനഫണ്ട് (ജനറൽ)
215/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	189800	വികസനഫണ്ട് (ജനറൽ)
217/23അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	189800	വികസനഫണ്ട് (ജനറൽ)
196/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്	115899	വികസനഫണ്ട് (ജനറൽ)
219/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്	115900	വികസനഫണ്ട് (ജനറൽ)
ആകെ	**801199/-**	
197/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്	162573/-	വികസനഫണ്ട് (എസ്.സി.പി)
218/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്	162573/-	വികസനഫണ്ട് (എസ്.സി.പി)
ആകെ	**325145/-**	

ഇവ കൂടാതെ ഖണ്ഡിക 1-1 ൽ പരാമർശിച്ച അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 1 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

1-5 പദ്ധതി അവലോകനം.

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
147	48538403	106	23018224	7	41	72%

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	3450	415841	419291	419291	0

ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	21580881	21580881	21580881	0
ആകെ	3450	21996722	22000172	22000172	0

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	17160	11
കർഷകതൊഴിലാളി പെൻഷൻ	3587200	336
വിധവാപെൻഷൻ	4205200	423
വാർദ്ധക്യകാലപെൻഷൻ	11791600	1141
വികലാംഗപെൻഷൻ	1754200	164
അവിവാഹിതപെൻഷൻ	73600	8
വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം	30000	1

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-10-2023 തീയതിയിൽ 3-30 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5800/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4.പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

5.ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പി.ഡബ്ല്യു.ഡി. മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. (ഖ. 1-20(1), 1-21(1) എന്നിവ കാണുക).

6.ഹരിത കർമസേനയുടെ പ്രവർത്തനം നിലവിലും പ്രാരംഭനിലയിലാണ്. എം.സി.എഫ് നായുള്ള കെട്ടിട നിർമ്മാണം ഇതേ വരെ പൂർത്തീകരിക്കാത്തതും പ്ലാസ്റ്റിക് ബെയ്ലിംഗ് യൂണിറ്റ് സ്ഥാപിക്കാത്തതും പോരായ്മയാണ്. പഞ്ചായത്തിൽ ആയുർവേദ സബ്സെന്ററിനായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാത്ത മുകൾ ഭാഗമാണ് നിലവിൽ എം.സി.എഫ് ആയി പ്രവർത്തിക്കുന്നത്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ കൃത്യമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ശോഷണത്തിനും ഇടയാക്കുന്നു. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ സാധ്യതകൾ ഇല്ലാത്തതിനാൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വരവു ചെലവുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

ബജറ്റ് പ്രകാരമുള്ളത്

ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ്	5490000
ചെലവ്	109852500

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തനത് വരുമാനം

നികുതി, നികുതിയേതര ഇനങ്ങളിലെ വരവ്	2846655
ചെലവ്	10067115

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വരുമാന വർദ്ധനവിനായി താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203 ാം വകുപ്പ് (2) ഉം, 4ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം.25/2023/എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരണം 25.04.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി നം.4(1) പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 22.07.2023 ലെ കമ്മറ്റി 2(1) നമ്പർ പ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 13 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വസ്തുനികുതി പുനർ നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 നു മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

3) സേവന ഉപ നികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നില്ല. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കായി വസ്തനികുതിയോടൊപ്പം സേവന ഉപനികുതി കൂടി

ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ, കരാറുകാരുടെ വിവരങ്ങൾ എന്നിവരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5) ഇടക്കടവ് എക്കോ ടൂറിസം പദ്ധതി പുനരുദ്ധരിച്ചില്ല

പഞ്ചായത്ത് പരിധിയിൽ ടൂറിസം വകുപ്പിന്റെ അധീനതയിൽ നിലവിലുണ്ടായിരുന്ന എക്കോടൂറിസം പദ്ധതിയായ എടക്കടവ് ടൂറിസം പദ്ധതി പ്രളയത്തെ തുടർന്ന് പ്രവർത്തനം നിലച്ച് നിഷ്ക്രിയ അവസ്ഥയിലാണ്. ബോട്ടിംഗ് ഉൾപ്പെടെ നിലവിലുണ്ടായിരുന്ന ഈ പദ്ധതി പ്രദേശത്ത് ചെറിയ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതുവഴി ഈയിനത്തിൽ പഞ്ചായത്തിന് ലഭിച്ചിരുന്ന വരുമാനവും നഷ്ടമായിട്ടുണ്ട്. ടി പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുവഴി പഞ്ചായത്തിന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇനത്തിൽ കൂടുതൽ വരുമാന സാധ്യതയുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-11 വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചില്ല

അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പാണ്ടനാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 ഉം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 50/- രൂപയായും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്ന വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്, വിലാസം	വാർഡ്, കെട്ടിട നമ്പർ	ആകെ തറ വിസ്തീർണ്ണം(ച.മീ.)	ചുമത്തിയ അടിസ്ഥാന വസ്തു നികുതി@30	ചുമത്തേണ്ട അടിസ്ഥാന വസ്തു നികുതി@50	കുറവ്
എൻ.കെ.ജോസ്, ആലത്തിൽ സിജു വില്ല, പാണ്ടനാട്	VIII/195 A	20	600	1000	400
	VIII/195 B	32	960	1600	640
	VIII/195 C	28	840	1400	560
	VIII/195 D	20	600	1000	400
	VIII/195 E	60	1800	3000	1200
	ആകെ	160	4800	8000	3200/- (*)

(*)+വഴി സൗകര്യം - 20% വർദ്ധനവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽപ്പറഞ്ഞ കെട്ടിടത്തിന് ബാധകമായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/9.10.2023) മറുപടി ഹാജരാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുന:പരിശോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 കടമുറി വാടകയ്ക്ക് നൽകുന്നില്ല

പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ കെട്ടിട നം. 8/29, 2019-20 മുതൽ വാടകയ്ക് എടുത്തിരുന്നത് അനിൽകുമാർ എം.വി, മൊഴിയാത്ത് എന്നയാളാണ്. ടിയാൾ 2021-22 ൽ വാടക ഇനത്തിൽ 29172/- രൂപയും 2022-23 വർഷം മെയ് മാസം വരെ 5106/- രൂപയും അടച്ചിട്ടുണ്ട്. പിന്നീട് വാടക ഒടുക്കിയതായി കാണുന്നില്ല. ടിയാളുമായി വാടക കരാറിലേർപ്പെട്ടിരുന്നുവോ എന്നത് വ്യക്തമല്ല, എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടിയാൾക്ക് കുടിശ്ശിക ഉള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിന് വരുമാനദായകമായിരുന്ന കടമുറി നിലവിൽ

പ്രവർത്തനമൊന്നുമില്ലാതെ പൂട്ടിയിട്ട നിലയിലാണ്. വാടക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാനും ഇത് സംബന്ധിച്ചുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കാനും ടി കെട്ടിടം നിലവിൽ എന്തിനുപയോഗിയ്ക്കുന്നുവെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/09-10-23ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന മാർഗ്ഗമാകുന്ന ടി മുറി പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-13 പാണ്ടനാട് പ്രയാർ ജെ.ബി സ്ക്കൂൾ പഴയ കെട്ടിടം ലേലം പൂർത്തീകരിച്ചില്ല

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജെ.ബി.സ്ക്കൂൾ കെട്ടിടം ലേലം ചെയ്ത് നൽകുന്നതിനായി ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തികൊണ്ടുള്ള ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05/11/22 ലെ സി5/532886/22/ഡി.ഡി.ഇ ഉത്തരവ് 12/22 ലെ 4/1 നമ്പർ തീരുമാനപ്രകാരം കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടതായി ടി തീയതിയിലെ മിനിട്ട്സ് പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനത്തിലെ മേൽ പറഞ്ഞ കെട്ടിട ലേലം ഓഡിറ്റ് കാലയളവിലും നടന്നിട്ടില്ല. ഇതിന്റെ മൂല്യനിർണ്ണയം, ലേല നടപടികൾ എന്നീ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21/09-10-23 ന് മറുപടി ലഭ്യമാക്കിയില്ല. ലേല നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 48906.50 രൂപയുടെ നീക്കിയിരുപ്പ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ഇ-ടെണ്ടർ അക്കൗണ്ടിൽ (എസ്.ബി.ഐ-786) 31.03.2023 ൽ 48906.50 രൂപ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വെക്കേണ്ടതാണ്.

1-15 ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് സബ്സിഡി തുക ക്രെഡിറ്റ് ചെയ്യപ്പെട്ടില്ല, അർഹമായ ആനുകൂല്യം നഷ്ടമായി

പാണ്ടനാട് ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ 'നെൽകൃഷി വികസനം - ഉഴവ് കൂലി' സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജ. നം.88/2023, നെൽകൃഷി വികസനം - ഉഴവ് കൂലി നൽകൽ

അടങ്കൽ - 2396000/-

ചെലവ്-1848650/-(വി.ഫ-1038985/-, ബ്ലോക്ക്-359665/-, ജില്ല-450000/-)

(I)ബിൽ റെഫറൻസ് നം.22070252011501333104തീ.13.03.2023 (തുക – 413125/-) - വികസന ഫണ്ട്

ക്രമ നം.	ഗുണഭോക്താവ്	തുക
1.	ആശ സുരേന്ദ്രൻ	2200
2	മോഹനകുമാർ.എം.ബി	600
3	മോളി വർഗ്ഗീസ്	225
4	എസ്.ഗിരിജ	1350
5	സന്തോഷ്.റ്റി.ജി	450
6	സുജാത.എം.കെ	500
7	സുരേന്ദ്രൻ നായർ	1150
8	തമ്പി	2000
9	വി.കെ.സോമൻ	750
10	വർഗ്ഗീസ് ജോർജ്ജ്	1000
11	വാസന്തി സുരേന്ദ്രൻ	1350
12	വാസുദേവൻ	1325
13	വിഭൂഷ് കുമാർ	850
14	വിജയൻ.കെ.കെ	200
15	സുജാത.എൻ.പിള്ള	550
ആകെ		14500/-

(Ii)ബിൽ റെഫറൻസ് നം.22070252011501349704തീ.14.03.2023 (തുക – 183276/-) - ബ്ലോക്ക് പഞ്ചായത്ത്

ക്രമ നം.	ഗുണഭോക്താവ്	തുക
1.	ആശ സുരേന്ദ്രൻ	968
2	മോഹനകുമാർ.എം.ബി	264
3	മോളി വർഗ്ഗീസ്	99
4	എസ്.ഗിരിജ	594
5	സന്തോഷ്.റ്റി.ജി	198
6	സജിത.എം.കെ	220
7	സുരേന്ദ്രൻ നായർ	530
8	തമ്പി	880
9	വി.കെ.സോമൻ	330
10	വർഗ്ഗീസ് ജോർജ്ജ്	480
11	വാസന്തി സുരേന്ദ്രൻ	594
12	വാസുദേവൻ	583
13	വിഭൂഷ് കുമാർ	374
14	വിജയൻ.കെ.കെ	880
15	സുജാത.എൻ.പിള്ള	242
16	ജിനി എബ്രഹാം	297
17	ജോൺ ജോസഫ്	70
ആകെ		7603/-

(Iii)ബിൽ റെഫറൻസ് നം.220702520115013620‌19തീ.15.03.2023 (തുക – 450000/-) - ജില്ലാ പഞ്ചായത്ത്

ക്രമ നം.	ഗുണഭോക്താവ്	തുക
1.	ആശ സുരേന്ദ്രൻ	2376
2	മോഹനകുമാർ.എം.ബി	648
3	മോളി വർഗ്ഗീസ്	243
4	എസ്.ഗിരിജ	1458
5	സന്തോഷ്.റ്റി.ജി	486
6	സുജാത.എം.കെ	540
7	സുരേന്ദ്രൻ നായർ	1301
8	തമ്പി	2160
9	വി.കെ.സോമൻ	810
10	വർഗ്ഗീസ് ജോർജ്ജ്	1132
11	വാസന്തി സുരേന്ദ്രൻ	1458
12	വാസുദേവൻ	1431
13	വിഭൂഷ് കുമാർ	918
14	വിജയൻ.കെ.കെ	2160
15	സുജാത.എൻ.പിള്ള	594
16	ജിനി എബ്രഹാം	729
17	ജോൺ ജോസഫ്	170
ആകെ		18614/-

(Iv)ബിൽ റെഫറൻസ് നം.22070252011501455041തീ.24.03.2023 (തുക – 176389/-) - ബ്ലോക്ക് പഞ്ചായത്ത്

ക്രമ നം.	ഗുണഭോക്താവ്	തുക
1.	ആശ സുരേന്ദ്രൻ	939
2	മോഹനകുമാർ.എം.ബി	256
3	മോളി വർഗ്ഗീസ്	96
4	എസ്.ഗിരിജ	576
5	സന്തോഷ്.റ്റി.ജി	192

6	സുജാത.എം.കെ	213
7	സുരേന്ദ്രൻ നായർ	491
8	തമ്പി	854
9	വി.കെ.സോമൻ	320
10	വർഗ്ഗീസ് ജോർജ്ജ്	427
11	വാസന്തി സുരേന്ദ്രൻ	576
12	വാസുദേവൻ	566
13	വിഭൂഷ് കുമാർ	365
14	വിജയൻ.കെ.കെ	854
15	സുജാത.എൻ.പിള്ള	234
16	ജിനി എബ്രഹാം	288
17	ജോൺ ജോസഫ്	65
ആകെ		7312/-

ക്രമ നം.(i),(ii),(iii),(iv) എന്നീ ബില്ലുകളിലെ 48029/- രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/10.10.2023) ബാങ്കുകളുടെ ലയനം നടന്നതിനാൽ IFSC കോഡിലുണ്ടായ പിശക് മൂലമാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ യഥാസമയം തുക ക്രെഡിറ്റ് ആകാതിരുന്നത് എന്നും അപാകത ആവർത്തിക്കില്ലായെന്നും അറിയിച്ചു.

ബിൽ മുഖാന്തിരം മാറുന്ന തുകകൾ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമൊരുക്കേണ്ടതുമാണ്.

1-16 സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കും മറ്റ് വിവിധ പ്രോജക്ടുകൾക്കുമായി തുക മുൻകൂറായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല.

പ്രോജക്ട് നം., പേര്	ചെലവ്	ബിൽ നം./ വൗച്ചർ നം	തുക കൈപ്പറ്റിയത്/ നിർവഹണ ഏജൻസി
46/23, പെർഫോമൻസ് ഓഡിറ്റിന് വിഹിതം നൽകൽ	30000/- (വികസന ഫണ്ട്)	27/25.10.2022	പെർഫോമൻസ് ഓഡിറ്റ്
43/23, ഐ.കെ.എം വിഹിതം നൽകൽ	40005/- (വി.ഫണ്ട്)	12/24.05.2022	ഐ.കെ.എം
47/23, വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	246142/- (വി.ഫണ്ട്)	23/03.10.2022 53/20.03.2023	കെ.എസ്.ഇ.ബി, മാന്നാർ, കല്ലിശ്ശേരി
15/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (സ്പിൽ ഓവർ)	129564/- (സി.എഫ്.സി)	XVFC/2022-23 /P/44/30.9.2022 - 23600/- XVFC/2022-23 /P/44/25.10.2022 - 105964/-	കെ.എസ്.ഇ.ബി, മാന്നാർ, ചെങ്ങന്നൂർ
48/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	741459/- വി.ഫ-34459, CFC-257000, ജില്ല-450000/-	47/25.2.2023 60/29.3.2023 XVFC/2022-23 /P/57/22.02.2023 (ജില്ല പഞ്ചായത്ത്, CFC സാംഖ്യ ബിൽ ലഭ്യമല്ല)	കെ.എസ്.ഇ.ബി, മാന്നാർ, ചെങ്ങന്നൂർ

ആകെ	1187170/-		

മേൽ പ്രോജക്ടുകൾ പൂർത്തീകരണം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/9.10.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് (1187170/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 സേവനപുസ്തകം സൂക്ഷിയ്ക്കുന്നില്ല - താൽക്കാലിക ജീവനക്കാരുടെ സേവനവിവരങ്ങൾ ലഭ്യമല്ല

പാണ്ടനാട് ഗ്രാമ പഞ്ചായത്തിൽ ടെക്നിയ്ക്കൽ അസിസ്റ്റന്റായി ഒരാളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ നിലവിൽ (3) ജീവനക്കാരും ജോലി ചെയ്തുവരുന്നു. ഒരു എൻജിനീയറും, 1 ഓവർസീയറും 1 ഡാറ്റാ എൻട്രി ഓപ്പറേറ്ററും, എന്ന നിലയ്ക്കാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ഐ.ബി-1/344/2016 തീയതി 05.01.2018) ഉത്തരവ് പ്രകാരം 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് 1 ആർജ്ജിതാവധി എന്ന നിലയിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്നും ഇത്തരത്തിൽ ആർജ്ജിച്ചെടുത്ത അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്കി ഒരു ധനകാര്യവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതും ആണെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. 2022-23 വർഷം പഞ്ചായത്തിലെ താഴെപ്പറയുന്ന താൽക്കാലിക ജീവനക്കാർ ആർജ്ജിതാവധി സറണ്ടർ ചെയ്തതായി കാണുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്/തസ്തിക	നൽകിയ തുക	ആർജ്ജിതാവധി സറണ്ടർ ചെയ്ത ദിനങ്ങൾ
1	ജിജി ചെറിയാൻ/അക്രെഡിറ്റഡ് എഞ്ചിനീയർ	15210	ലഭ്യമാക്കിയിട്ടില്ല
2	ജയശ്രീ.കെ.പി/അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ	11625	ലഭ്യമാക്കിയിട്ടില്ല
3	ശില്പ എസ് പിള്ള (ഓവർസീയർ)	11625	ലഭ്യമാക്കിയിട്ടില്ല
4	പ്രശാന്ത് എസ് ബാബു ടെക്നിയ്ക്കൽ അസിസ്റ്റന്റ്	30994	30

കരാറടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർക്ക് ആർജ്ജിതാവധിയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതിനാൽ സേവനപുസ്തകം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല. സേവനപുസ്തകം ഇല്ലാതെ ജീവനക്കാരുടെ ലീവ് അക്കൗണ്ട് എങ്ങനെ തയ്യാറാക്കിയെന്നത് വ്യക്തമല്ല. നിലവിൽ എത്ര ജീവനക്കാർ പഞ്ചായത്തിൽ ഇപ്രകാരം ജോലി ചെയ്യുന്നുണ്ട്, അവർ എന്നു മുതലാണ് ജോലി ചെയ്ത് തുടങ്ങിയതെന്നും, അവരുടെ ലീവ് വിവരങ്ങളും, ലീവ് സറണ്ടർ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 01/05-10-23) മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കി, ലീവ് അക്കൗണ്ട് വിവരങ്ങളും, സറണ്ടർ വിവരങ്ങളും രേഖപ്പെടുത്തി സേവനപുസ്തകം കാലികമാക്കി സൂക്ഷിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-18 കുടിവെള്ള പദ്ധതി നടപ്പായില്ല, ഡെപ്പോസിറ്റ് പൂർണ്ണമായി തിരികെ ലഭിച്ചില്ല

കൊല്ലന്തറ കോളനി കുടിവെള്ള പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ഇനത്തിൽ 280000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ മുൻ വർഷങ്ങളിൽ നിക്ഷേപിച്ചിരുന്നു. 2014-15 വർഷം പദ്ധതിവിഹിതം(എസ്.സി.പി) ഫണ്ടിൽ നിന്നുള്ള 250000/- രൂപയും 2016-17 ൽ സി.എഫ്.സി ഫണ്ട് 30000/- രൂപയും ഉൾപ്പെടെയുള്ള 280000/- രൂപയാണ് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നതെന്ന് 30.12.2022 ലെ ജനറൽ കമ്മറ്റി മിനിറ്റ്സിൽ(തീരുമാനം നം.5) വിശദീകരിച്ചിട്ടുണ്ട്. പ്രവൃത്തി നടപ്പാകാതിരുന്നതിനെ തുടർന്ന് വാട്ടർ അതോറിറ്റിയിൽ നിന്ന് 274450/- രൂപ തിരികെ ലഭിക്കുകയും പഞ്ചായത്തിന്റെ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. 5550/- രൂപ കുറച്ചാണ് തിരികെ ലഭിച്ചത്. തുക പൂർണ്ണമായി തിരികെ ലഭിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/9.10.2023) മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപ തുക പൂർണ്ണമായി തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പദ്ധതിവിഹിതം സ്റ്റേറ്റ് കൺസോൾഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് റോഡ് കണക്റ്റിവിറ്റി മാപ്പിംഗിനായി പദ്ധതി (S0030/22-23) തയ്യാറാക്കിയത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന റോഡുകളെ വർഗ്ഗീകരിച്ച് അടയാളപ്പെടുത്തി പഞ്ചായത്ത് മാപ്പ് രൂപപ്പെടുത്തുന്നു. റോഡുകളുടെ വീതി, അവസ്ഥ എന്നിവ ഇതിൽ നിന്നും മനസ്സിലാകുന്നു.

39000/- രൂപ(തനത് ഫണ്ട്) അടങ്കലിൽ ഏക വർഷ പ്രോജക്റ്റായാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഇതിനായി തൻവർഷം 15,600/- രൂപ (ബിൽ ക്രമ നം. 2/10.10.22) ചെലവഴിച്ചു. ഗൗതം ഗോപൻ, പാണ്ടനാട് വെസ്റ്റ് എന്ന വ്യക്തിയുടെ പേരിലുള്ള മുദ്രപത്രവും കൈപ്പറ്റ് രസീതുമാണ് ഫയലിലുള്ളത്. ആദ്യ ഘട്ട സർവ്വെ പൂർത്തീകരിച്ചതിന്റെ പ്രതിഫല തുക എന്നതാണ് കൈപ്പറ്റ് രസീതിലെ രേഖപ്പെടുത്തൽ. പദ്ധതിയുടെ പുരോഗതി വ്യക്തമല്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/07.10.2023), എ.ഇ, എ.എക്സ്.ഇ. ലെവൽ വേരിഫിക്കേഷൻ മാത്രമാണ് ഇനി ആവശ്യമായതെന്നും വേരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും മറുപടി നൽകി.

ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ തൻവർഷ ചെലവ് (15600/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 എം.സി.എഫ് സ്ഥാപിക്കൽ - പ്രവൃത്തി ഇതേ വരെ പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം.	S0106/22, S0024/22-23
അടങ്കൽ	600000
ചെലവ്	198543(കേന്ദ്രാവിഷ്കൃത ഫണ്ട്)- ചെക്ക് നം.674342/03.10.22
കരാർ നം	29/AE/pwd/10.03.22
കരാറുകാരൻ	എം.പി.ബാബു
പി.എ.സി	533649.12
എം ബുക്ക്	29/22

അജൈവ മാലിന്യ സംസ്കരണം ഫലപ്രദമായി നടത്തുന്നതിന് പര്യാപ്തമായ രീതിയിലുള്ള എം.സി.എഫ് സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് സ്ഥാപിക്കുന്നതിനായി 2021-22 ൽ ആരംഭിച്ച് 2022-23 ൽ സ്പിൽ ഓവറായി അംഗീകാരം ലഭിച്ച പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1)PWD മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

10.03.22 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസം ആയിരുന്നു. 1.5 വർഷത്തിന് ശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എം ബുക്ക് പരിശോധിച്ചതിലും സ്ഥല പരിശോധന നടത്തിയതിലും സ്ട്രക്ച്ചർ മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. (ചിത്രം ചുവടെ)

കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിയിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരന് അപേക്ഷ നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന

നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50,000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2,000/-, പരമാവധി ₹.1,00,000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല.

2)ഇലക്ട്രിഫിക്കേഷന് ഇനം ഉൾപ്പെടുത്തിയിട്ടില്ല.

ഇലക്ട്രിഫിക്കേഷന് ഇനം ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം, കെട്ടിട നിർമ്മാണ പ്രോജക്റ്റുകളുടെ കാര്യത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് തുടങ്ങി എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റായി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/07.10.2023), അടങ്കൽ തുക 6,00,000/- ആയതിനാലാണ് ഇലക്ട്രിഫിക്കേഷന് തുക വകയിരുത്താൻ സാധിക്കാതിരുന്നതെന്നും കരാറുകാരൻ ജപ്തി ഭീഷണിയിലായതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകുന്നതെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പിഴ ഈടാക്കി ഫൈനൽ ബില്ല് അനുവദിക്കുന്നതാണെന്നും മറുപടി നൽകി. പൊതുമരാമത്ത് മാനുവലിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇലക്ട്രിഫിക്കേഷനായി പ്രത്യേകം പദ്ധതികൾ കൂടി ആവിഷ്കരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-21 പ്ലാക്കീഴിൽ പടി കോതേക്കാട്ടിൽപ്പടി റോഡ് പുനരുദ്ധാരണം-അപാകതകൾ

പ്രോജക്റ്റ് നം	S0108/22
പി.എ).സി	617798.2
കരാറുകാരൻ	ഡൊമിനിക് ഡേവിഡ്
കരാർ നം.	17/AE/LSGD/PND/21-22/15.12.21
എം ബുക്ക് നം.	17/22, 17 B/22
ചെലവ് തുക	374325രൂപ, ബിൽ ക്രമ നം.4/09.12.2022
ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് –റോഡ്

പ്ലാക്കീഴിൽ പടി കോതേക്കാട്ടിൽപ്പടി റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല - പിഴ ഈടാക്കിയതിൽ കുറവ്

15.12.21 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസം ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 10.04.23ൽ മാത്രമാണ്. കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിയിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് യാതൊരു നടപടികളും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ഫൈനൽ ബില്ലിൽ നിന്നും 4674 രൂപ പിഴയായി ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കിയിട്ടില്ല.

2)ബാരൽ ജി.എസ്.റ്റി തനത് ഫണ്ടിൽ ഒടുക്കിയിരിക്കുന്നു.

ബാരൽ ജി.എസ്.റ്റി ഇനത്തിലുള്ള 557രൂപ Sale Of Empties And Waste Material എന്ന ഇനത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കിയിരുന്നു. ടി തുക ബന്ധപ്പെട്ട ശീർഷകത്തിലേക്ക് ഒടുക്കിയിട്ടുണ്ടോയെന്ന് വിശദീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/07.10.2023), സമീപത്തെ പാടത്ത് കൃഷി ഇറക്കിയതും ക്വാറി സമരവും മഴയും കരാറുകാരന്റെ ജി.എസ്.റ്റി ബ്ലോക്ക് ആയതും കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകിയതെന്നാണ് മറുപടി. എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന എന്തെങ്കിലും കത്തിടപാടുകളോ കമ്മറ്റി തീരുമാനമോ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയോടൊപ്പം പരാമർശിച്ചിട്ടില്ല. പദ്ധതി ഫയലിലും മറുപടിയെ സാധൂകരിക്കുന്ന രേഖകളൊന്നുമില്ല. തന്നെയുമല്ല പി.ഡബ്ല്യു.ഡി മാനുവലിലെ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടുമില്ല. ആയതിനാൽ പി.എ.സി യുടെ 3% എന്ന നിരക്കിൽ താഴെ പറയും പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക - പി.എ).സി യുടെ 3%, 617798.2 X3% = 18534

പിഴ ഇനത്തിൽ ഈടാക്കിയ 4674 രൂപ കഴിച്ചുള്ള 13860 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കുക. ബാരൽ ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതുമാണ്.

1-22 തൊഴിലുറപ്പു പദ്ധതിയിൽ സിമന്റിന് വിപണി വിലയേക്കാൾ അധിക നിരക്ക് അനുവദിച്ചിരിക്കുന്നു

തൊഴിലുറപ്പു പദ്ധതി മുഖേന 2022-23 കാലയളവിൽ നടപ്പാക്കിയ കോൺക്രീറ്റ് പ്രവർത്തികളിൽ മൂന്ന് എണ്ണത്തിന് സെക്യൂർ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ഒരു ടണ്ണിന് 12288/- രൂപയായി വിപണി വിലേക്കാൾ വ്യത്യസ്തമായ നിരക്കിൽ സിമന്റിന് തുക കണക്കാക്കിയിട്ടുള്ളതായി കാണുന്നു.

എം.പി ബാബു എന്ന കരാറുകാരൻ ഹാജരാക്കിയ ബില്ലുകളിൽ 50 കിലോഗ്രാമിന്റെ ഒരു ചാക്ക് സിമന്റിന് 325/- രൂപയും ബിജി ഏബ്രഹാം എന്ന കരാറുകാരൻ ഹാജരാക്കിയ ബില്ലുകളിൽ 50 കിലോഗ്രാമിന്റെ ഒരു ചാക്ക് സിമന്റിന് 480/-രൂപയുമാണ് ഉള്ളത്. എന്നാൽ അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 50 കിലോഗ്രാമിന്റെ ഒരു ചാക്ക് സിമന്റിന് 614.40 രൂപയാണ് (ഒരു ടണ്ണിന് 12288/- രൂപ) കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്	കരാറുകാരന്റെ പേര്	അളവു പുസ്തകത്തിന്റെ നമ്പർ	അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഉപയോഗിച്ച സിമന്റിന്റെ അളവ്	കരാറുകാരൻ ഹജരാക്കിയ ബിൽ പ്രകാരം ഒരു ചാക്ക് സിമന്റിന്റെ വില	ഒരു ടണ്ണിന് കണക്കാക്കിയ തുക
1.	വെല്യാനൂർ പടി -പനങ്ങാട്ടു പടി റോഡ് കോൺക്രീറ്റ് ചെയ്യുക- വാർഡ് -7/1611005005 /RC/354091	എം പി ബാബു	56/22-23	5.54 ടൺ	325/- രൂപ	12288 * 5.54= 68075.52
2.	ചേരപ്പുറത്തു പടി -ചിറയിൽക്കടവ് റോഡ് കോൺക്രീറ്റ് ചെയ്യുക- വാർഡ് -11 1611005005/RC /352721	എം പി ബാബു	46/22-23	15.59 ടൺ	325/- രൂപ	12288*15.59 =191569.92
3.	പുതിയോട്ട് -ഇടക്കടവ് റോഡ് കോൺക്രീറ്റ് ചെയ്യുക- വാർഡ് -6/ 161611005005/RC /352249	ബിജി ഏബ്രഹാം	ചേർത്തിട്ടില്ല	12.95	480/-രൂപ	12288 *12.95= 159129.60

തൊഴിലുറപ്പു പദ്ധതിയുടെ ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സിമന്റിന് അധിക നിരക്കിൽ തുക കണക്കാക്കിയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.2/22-23/05.10.23 ന് മേൽ പദ്ധതികളിൽ ചേരപ്പുറത്തു പടി -ചിറയിൽക്കടവ് റോഡ് കോൺക്രീറ്റ് ചെയ്യുക- വാർഡ്-11 എന്ന വർക്കിന്റെ തുക മാത്രമാണ് (FTO No. 0121EATPAYREQ021220221658) നല്കിയിട്ടുള്ളതെന്നും ഓംബുഡ്സ്മാന്റെ നടപടി ക്രമത്തിനെ തുടർന്ന്

മെറ്റീരിയൽ ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കിയ കരാറുകാരുമായി തർക്കം നിലനിൽക്കുന്നതിനാലും അനുവദനീയമായ തുക സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമല്ലാത്തതിനാലും മറ്റ് പ്രവൃത്തികളുടെ തുക ഇതു വരെ അനുവദിച്ചിട്ടില്ല എന്ന് മറുപടി നല്കി.

തുക അനുവദിക്കുവാൻ ശേഷിക്കുന്ന പ്രവൃത്തികളിലും നിലവിൽ നടപ്പാക്കുന്ന പ്രവൃത്തികളിലും സിമന്റ് വില നൽകുമ്പോൾ മാർക്കറ്റ് നിരക്ക് മാത്രം അനുവദിക്കേണ്ടതാണ്. സർക്കാരിന്റെയും തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെയും ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ഇന്റർ ലോക്ക് പാകുന്നതിന് ഉയർന്ന നിർക്ക് കണക്കാക്കിയിരിക്കുന്നു

തൊഴിലുറപ്പു പദ്ധതി മുഖേന നടപ്പാക്കിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഇന്റർ ലോക്ക് (80mm Thick Cc Paver Block)പാകുന്നതിന് സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരമുള്ള $1m^2$ ന് 1652/- രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. എൽ.ഐ.ഡി & ഇ.ഡബ്ല്യു. വിഭാഗം മുഖേന നടപ്പാക്കുന്ന ഇന്റർ ലോക്ക് പാകൽ പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം കണക്കാക്കുന്ന നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കാണിത്.

ക്രമ നം.	പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/കരാറുകാരൻ	80mm Thick Cc Paver Block പാകിയ ഏരിയ-(M^2)	കണക്കാക്കിയ നിരക്ക്/തുക
1	ഷാപ്പു പടി തുണ്ടയിൽപ്പടി റോഡ് ഇന്റർ ലോക്ക് ചെയ്യുക – വാർഡ് -2,1611005005/RC/351686 /ഡൊമിനിക്ക് ഡേവിഡ്	90.95 M^2	1652/M^2 90.95* 1652 =150249.4
2	തെക്കേമാമ്പള്ളിൽ കുഴിത്തറ തുണ്ടിയിൽ റോഡ് ഇന്റർലോക്ക് ചെയ്യുക – വാർഡ് -8, 1611005005/RC /353441/ഡൊമിനിക്ക് ഡേവിഡ്	142.24 M^2	1652/M^2 142.24 * 1652 = 234980.48
3	തുണ്ടിയിൽ റോഡ് ഇന്റർലോക്ക് ചെയ്യുക – വാർഡ് -4/1611005005/RC/352246/ഡൊമിനിക്ക് ഡേവിഡ്	102.58 M^2	1652/M^2 102.58* 1652 = 169462.16
4	ആശാരിപ്പറമ്പിൽ റോഡ് ഇന്റർലോക്ക് ചെയ്യുക – വാർഡ് -1/1611005005/RC/352245/ഡൊമിനിക്ക് ഡേവിഡ്	84 M^2	1652/M^2 84 * 1652 =138768
5	വഴീത്തറ പുത്തൻതറപ്പടി റോഡ് ഇന്റർലോക്ക് ചെയ്യുക – വാർഡ് -2/1611005005/RC/351687 /ഡൊമിനിക്ക് ഡേവിഡ്	38.81 M^2	1652/M^2 38.81 *1652 =64114.12
6	തോണ്ടുതറപ്പടി-സന്ധ്യാലയം റോഡ് ഇന്റർലോക്ക് ചെയ്യുക – വാർഡ് -2/1611005005/RC/3511523 /ഡൊമിനിക്ക് ഡേവിഡ്	108.9	1652/M^2 108.9 *1652 =179902.8

സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് കണക്കാക്കിയിട്ടുള്ളത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തികളുടെ തുക കരാറുകാർക്ക് നൽകിയിട്ടുണ്ടെങ്കിൽ FTO No. സഹിതം മറുപടി ലഭ്യമാക്കുവാനും ഇനി തുക അനുവദിക്കുവാൻ അവശേഷിക്കുന്ന പ്രവർത്തികളിൽ സ്വീകരിച്ച നടപടിയും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.06/22-23/06.10.23 ന് ഷാപ്പു പടി തുണ്ടയിൽപ്പടി റോഡ് ഇന്റർ ലോക്ക് ചെയ്യുക – വാർഡ് -2 എന്ന പ്രവൃത്തിയുടെ തുക മാത്രമാണ് അനുവദിച്ചതെന്നും (FTO.No.0121EATPAYREQ28112022161100) ഓംബുഡ്സ്മാന്റെ OMB/ALP/AW/38 /2023/13.03.2023 നമ്പർ കത്തിന് തുടർ നടപടിയെന്ന നിലയിൽ ജില്ലാ തലത്തിൽ സ്പഷ്ടീകരണം ലഭിച്ചിട്ടില്ലാത്തതിനാൽ ബാക്കി പ്രവത്തികൾക്ക് തുക അനുവദിച്ചിട്ടില്ലെന്നും മറുപടി നല്കി.

അനുവദനീയമായ നിരക്ക് സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

1-24 കട്ടിൽ വാങ്ങൽ-അർഹതാ മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം -83/22-23,വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി.പി)

അടങ്കൽ -208800/-(എസ്.സി.പി)

ചെലവ് - 206400

ഇൻവോയിസ് നം -108/07 -03- 23

സിഡ്കോ സ്ട്രോബോർഡ് ഫാക്ടറി

ബി.ആർ.എൻ നം -22070252012001322354/09 -03- 23

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും 48 കട്ടിലുകൾ @ 3644 രൂപയ്ക്ക് വാങ്ങി നൽകുകയുണ്ടായി. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ വാങ്ങി നൽകാൻ പാടുള്ളു. എന്നാൽ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും കുഞ്ഞ്കുഞ്ഞമ്മ, വാര്യംപറമ്പിൽ, പാണ്ടനാട് എന്ന ഗുണഭോക്താവ് ഹാജരാക്കിയ ചെങ്ങന്നൂർ താലൂക്ക് ഓഫീസിൽ നിന്നുമുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിൽ ടിയാളുടെ പ്രായം 53 വയസ്സാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. അപേക്ഷയ്ക്കൊപ്പം ഹാജരാക്കിയ ആധാറിലും ജനിച്ച വർഷം 1969 എന്നാണ് കാണിച്ചിരിയ്ക്കുന്നത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധനരോഗികൾക്കും കൂടി കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഇത് സൂചിപ്പിയ്ക്കുന്ന രേഖകളൊന്നും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ അർഹതാമാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കട്ടിൽ വാങ്ങി നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/07-10-23 ന് മറുപടി ലഭ്യമാക്കിയില്ല. മാനദണ്ഡങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-25 വീട് പുനരുദ്ധാരണം - തിരികെ അടച്ച തുക തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

2021-22 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖ: 1-20-വി.ഇ.ഒ നിർവ്വഹിച്ച പദ്ധതികൾ - രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം, പദ്ധതി നിർവ്വഹണത്തിലും അപാകങ്ങൾ എന്ന ഖണ്ഡികയിൽ വീട് പുനരുദ്ധാരണത്തിന് ആദ്യ ഗഡുവായി 75000/- രൂപ വീതം കൈപ്പറ്റിയ ശ്രീമതി വി.കെ.സുമതി വേലൻപറമ്പിൽ, ശ്രീ സജീവ് കുമാർ നടുവിളയിൽ എന്നീ ഗുണഭോക്താക്കൾ പ്രവർത്തി നടപ്പാക്കാത്തതിനാൽ ആദ്യ ഗഡുവായി കൈപ്പറ്റിയ 75000/- രൂപ പലിശ സഹിതം അവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു .

പ്രസ്തുത ഗുണഭോക്താക്കൾ തുക തിരികെ അടച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 12/22-23/07.10.2023 ന് ശ്രീമതി വി.കെ സുമതി വേലൻപറമ്പിൽ, ആദ്യ ഗഡുവായി കൈപ്പറ്റിയ 75000/- രൂപ 18% പലിശ ഉൾപ്പടെ ആകെ 93000/- രൂപ (രസീത് നം.1230500093/G040807/29.04.2023) തിരികെ അടച്ചതായി അറിയിച്ചു. ശ്രീ സജീവ് കുമാർ നടുവിളയിൽ എന്ന ഗുണഭോക്താവിന് തുക തിരികെ അടയ്ക്കുവാൻ നോട്ടീസ് നല്കിയെങ്കിലും തുക അടയ്ക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട് .

ശ്രീമതി വി.കെ സുമതി, വേലൻപറമ്പിൽ തിരികെ അടച്ചതും നിലവിൽ തനതു ഫണ്ടിൽ അവശേഷിക്കുന്നതുമായ പദ്ധതി വിഹിതം കണ്ടസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ് .

1-26 ലൈഫ് പദ്ധതി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല

പാണ്ടനാട് ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ജനറൽ വിഭാഗത്തിലെ 47 പേർക്കും എസ് സി വിഭാഗത്തിലെ 24 പേർക്കും ഇതു വരെ ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചിട്ടില്ല . ഫണ്ടിന്റെ അപര്യാപ്തതയാൽ ജനറൽ, എസ് സി വിഭാഗങ്ങൾക്കായി കണക്കാക്കിയ ഫണ്ടിൽ നിന്നും വികസന ഫണ്ട് മാത്രമേ ലഭിച്ചിട്ടുള്ളൂ. 2022-23 ചെലവു പത്രിക പ്രകാരമുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം/പേര് - 57/ലൈഫ് മിഷൻ പുതിയ ഭവന നിർമ്മാണം (ജനറൽ)

ഫണ്ട് ഇനം	അടങ്കൽ	ചെലവ്
വികസന ഫണ്ട് (ജനറൽ)	2000600	1036209
സംസ്ഥാനാവിഷ്കൃത ഫണ്ട്	700000	0
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	600000	**0**
ജില്ലാ പഞ്ചായത്ത് വിഹിതം	300000	0
ആകെ	3600600	1036209

2.പ്രോജക്ട് നം/പേര്-58/ ലൈഫ് മിഷൻ പുതിയ ഭവന നിർമ്മാണം(എസ് സി)

ഫണ്ട് ഇനം	അടങ്കൽ	ചെലവ്
വികസന ഫണ്ട് (എസ് സി പി)	1030000	1020000
സംസ്ഥാനാവിഷ്കൃത ഫണ്ട്	600000	0
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	500000	0
ജില്ലാ പഞ്ചായത്ത് വിഹിതം	400000	0

ആകെ	2530000	1020000

2018 ലെ പ്രളയത്തിൽ ഏറ്റവും കൂടുതൽ കെടുതികൾ അനുവഭിച്ച ഗ്രാമ പഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കുന്നില്ല എന്നത് ഗൗരവതരമായി വീക്ഷിക്കപ്പെടേണ്ടതാണ്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 2,50,000/- രൂപ കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് (ഹോംകോ) എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	8/22-23
പ്രോജക്ട്	ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ
ഇൻവോയ്സ് നമ്പർ	എൽ എഫ് 1107/03-12-21
ചെലവ്	250,000/- ബി.ആർ.എൻ.നം.22070252011700899844

ടി തുക പൂർണ്ണമായും കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം -34306403911) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 129448/-രൂപയുടെ(ഇൻവോയിസ് നം. എൽ എഫ് 951/07-08-23) മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. ബാക്കി തുകയുടെ(120552/-) മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/09-10-23 ന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കിയ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ഒ ഡി എഫ് തുല്യത - വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആനുകൂല്യം അനുവദിച്ചു

പ്രോജക്ട് നം	38/23
പേര്	ഒ ഡി എഫ് തുല്യത നിലനിർത്തൽ
അടങ്കൽ	81600 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 252000 (കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ്	10200 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 36000 (കേന്ദ്രാവിഷ്കൃത ഫണ്ട്)
നിർവ്വഹണം	വി ഇ ഒ

നിലവിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു നല്കുവാൻ ആവിഷ്ക്കരിച്ച് നടപ്പാക്കിയ പ്രോജക്ടിൽ ബിൽ നം. 7/07.06.2022 പ്രകാരം പിൻവലിച്ച 6800/-രൂപയിൽ 3400/- രൂപ വീതം ഉഷാ കുമാരി എം .കെ, സിന്ധു കുമാരി ടി.ബി എന്നീ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഈ ഗുണഭോക്താക്കൾ നടപ്പാക്കിയ പ്രവർത്തികളുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നതെന്ന് കണ്ടു .

വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആനുകൂല്യം അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.20/22-23/09.10.2023 ന് മറുപടി ലഭ്യമാക്കിയില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് അർഹമായ തുകയാണോ അനുവദിച്ചതെന്നതിൽ വ്യക്തതയില്ല. ചെലവ് (6800/-രൂപ) തടസ്സപ്പെടുത്തുന്നു. അർഹതാ മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ രേഖകളും പരിശോധിച്ചതിനു ശേഷം മാത്രം ആനുകൂല്യം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-29 യോഗ പരിശീലനം-അപാകതകൾ

പ്രോജക്ട് നം 144/23, വനിതകൾക്ക് യോഗപരിശീലനം

അടങ്കൽ തുക- 36000(വികസന ഫണ്ട്)

ചെലവഴിച്ച തുക-5200

ട്രഷറി ബിൽ നം -10/31- 03-23

മെഡിയ്ക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വനിതകൾക്ക് യോഗപരിശീലനം എന്ന പ്രോജക്ടിന് വേണ്ടി രണ്ട് യോഗ ട്രെയിനർമാരെ തിരഞ്ഞെടുക്കുകയും യോഗ പരിശീലനം നൽകിയതിന് അവർക്ക് 5200/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗ പരിശീലനത്തിൽ എത്ര പേർ പങ്കെടുത്തെന്നത് സംബന്ധിച്ച അറ്റൻഡൻസ്, എത്ര ദിവസമാണ് പരിശീലനം നൽകിയതെന്നോ തുടങ്ങിയ വിവരങ്ങളൊന്നും ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ശാരീരികവും മാനസികവുമായ ഉണർവ്വിനും ആരോഗ്യത്തിനുമായി ലക്ഷ്യമിട്ട് തുടങ്ങിയ ഈ പദ്ധതി കൊണ്ട് ജനങ്ങൾക്ക് പ്രയോജനമില്ലാതെയായി മാറുകയാണ് ഉണ്ടായത്. ഇത് 2 പേർക്ക് വേതനം നൽകുന്നതിന് മാത്രമായി നടപ്പാക്കിയതല്ലാതെ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാൽകരിച്ചതായി കാണുന്നില്ല. വ്യക്തമായ ആസൂത്രണമില്ലാതെ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിനും, യോഗ പരിശീലനത്തിനായി യോഗ മാറ്റ് വാങ്ങി നൽകിയിരുന്നുവോയെന്നും ഇത് തുടർപരിപാടിയായി നടപ്പാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/07-10-23 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശാനുസൃതം നടപ്പിലാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-30 ബയോ ബിൻ വാങ്ങൽ - വിതരണ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം	3/23
പേര്	ബയോ ബിൻ വാങ്ങി നല്കൽ
അടങ്കൽ	947700(ധനകാര്യ കമ്മീഷൻ അവാർഡ്) 105300(ഗുണഭോക്തൃ വിഹിതം)
ചെലവ്	572850(ധനകാര്യ കമ്മീഷൻ അവാർഡ്) 63650 (ഗുണഭോക്തൃ വിഹിതം)
ബിൽ നം	223/20.03.2023- 210600 263/25.03.2023- 362250 265/25.03.2023- 63650

വി ഇ ഒ (പ്രയാർ സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ബയോ ബിൻ വാങ്ങി നല്കൽ എന്ന പദ്ധതി പ്രകാരം പാലക്കാട് ഐ ആർ ടി സി യിൽ നിന്നും ഒരു ബിന്നിന് 1900/- നിരക്കിൽ 335 ബിന്നുകൾ ഇൻവോയിസ് നം. B2B470/24.03.2023 ന്റെ അടിസ്ഥാനത്തിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ബിന്നുകൾ അനുവദിക്കുന്നതിനുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, വിതരണ രേഖകൾ, കൈപ്പറ്റ് വിവരം എന്നിവ ഫയലിൽ ഉൾപ്പെടുത്തിയില്ല. ഇവ ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 18/22-23/09.10.23 ന് മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല .

വിതരണ രേഖകളുടെ അഭാവത്തിൽ പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ലാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 636500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൃത്യമായ വിതരണ രേഖകൾ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-31 മെനിസ്ട്രുവൽ കപ്പ്-വിതരണ രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ 2022-23 കാലയളവിൽ നിർവ്വഹണം നടത്തിയ പദ്ധതികളാണ് മെനിസ്ട്രുവൽ കപ്പ് വിതരണം എസ്.സി, ജനറൽ എന്നിവ.

പ്രോജക്ട് നം	164	165
പേര്	മെനിസ്ട്രുവൽ കപ്പ് വിതരണം -എസ് സി	മെനിസ്ട്രുവൽ കപ്പ് വിതരണം - ജനറൽ
അടങ്കൽ	150000	142856
ചെലവ്	150000	142856
ബിൽ നം.	1406273/ 20.03.2023	1406292/20.03.2023

ഈ പദ്ധതികൾ പ്രകാരം നീതി മെഡിക്കൽ സ്റ്റോർ, തിരുവല്ലയിൽ നിന്നും എസ് സി വിഭാഗത്തിന് 550, ജനറൽ വിഭാഗത്തിന് 520 എന്ന കണക്കിൽ ആകെ 1070 മെനിസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ്, വിതരണ രേഖകൾ എന്നിവ ഫയലിൽ

ഉൾപ്പെടുത്തിയിട്ടില്ല. പതിനാലാം പദ്ധതി മാർഗ്ഗ രേഖ ഖ : 7.6.8 ൽ നിർദ്ദേശിക്കും പ്രകാരം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ഏറ്റവും അഭിവാജ്യ ഘടകമായ ഗുണഭോക്താക്കൾക്കുള്ള ബോധവൽക്കരണം പ്രോജക്ടിന്റെ ഭാഗമാക്കിയില്ല. ബോധവൽക്കരണത്തിനു ശേഷം ഗുണഭോക്താക്കൾക്ക് നേരിട്ട് മെനിസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യാവുന്നതാണെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്.

വാങ്ങിയ മെനിസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്നും ഇല്ലായെങ്കിൽ അതിനുള്ള കാരണവും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 04/22-23/06.10.23 ന് മറുപടിയോ വിതരണ രേഖകളോ ലഭ്യമാക്കിയില്ല. വിതരണ രേഖകളുടെ അഭാവത്തിൽ രണ്ടു പദ്ധതികളുടേതുമായുള്ള 292856/-രൂപയുടെ (150000+142856) ചെലവ് തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖയിൽ പരാമർശിക്കും പ്രകാരം വിതരണം നടത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-32 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ -ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ

പ്രോജക്ട് നം -എസ് 0161/23

ചെലവ് - 104750(വി.ഫണ്ട്)

ഇൻവോയിസ് നം -6G/27- 03-23, മാന്നാർ മെറ്റൽ കോർപ്പറേഷൻ

ബി.ആർ.എൻ നം -22070252012001539737/28- 03-27

ഗ്രാമപഞ്ചായത്തിലെ 13 അങ്കണവാടികൾക്കായി വെയിംഗ് മെഷീനും പാത്രങ്ങളും വാങ്ങി നൽകുന്നതിനായാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

സ്റ്റോർ പർച്ചേസ് മാനുവൽ ഖ.7.7 പ്രകാരം (സ.ഉ(പി)നം 03/2013/എസ്.പി.ഡി തീയതി 21.06.23) എസ്റ്റിമേറ്റ് തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ സറ്റോറുകളും വാങ്ങുമ്പോൾ ഓപ്പൺ ടെണ്ടറുകളിലൂടെയോ, ലിമിറ്റഡ് ടെണ്ടറിലൂടെയോ വാങ്ങാവുന്നതാണ്. ഇപ്രകാരം ടെണ്ടറിലൂടെയാണ് മേൽ പ്രോജക്ട് നടപ്പാക്കിയതെങ്കിലും ടെണ്ടർ നടപ്പാക്കിയപ്പോൾ ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തുള്ളു, മാനുവലിലെ നിർദ്ദേശപ്രകാരം ലിമിറ്റഡ് ടെണ്ടർ മുഖേനയുള്ള വാങ്ങലിന് മൂന്നിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് നടപ്പാക്കിലാക്കിയപ്പോൾ ഒരാൾ മാത്രമേ പങ്കെടുത്തതായി കാണുന്നുള്ളു. സിംഗിൾ ടെണ്ടർ അംഗീകരിക്കാനുണ്ടായ കാരണം വ്യക്തമല്ല. പുനർ ടെണ്ടർ ചെയ്തുമില്ല. തന്മൂലം ടെണ്ടറിലൂടെ കിട്ടുമായിരുന്ന മത്സരസ്വഭാവം നഷ്ടമാവുകയും പഞ്ചായത്തിന് ആ വാങ്ങലിലൂടെ കിട്ടുമായിരുന്ന ലാഭം നഷ്ടമാവുകയും ചെയ്തു.

പദ്ധതിയുടെ ഫയലിനൊപ്പം വിതരണരേഖകൾ ഹാജരാക്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 148 ലെ നിർദ്ദേശപ്രകാരം സ്റ്റോക്ക് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. സ്റ്റോർ സംബന്ധമായ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/06.10.2023 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ ഗവ.നിർദ്ദേശാനുസരണം നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-33 ഹരിത കർമ്മ സേനയ്ക്കുള്ള വാഹനത്തിന് ഡ്രൈവറെ നിയോഗിച്ചിട്ടില്ല

പ്രോജക്ട് നം	61/23
പേര്	ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ
അടങ്കൽ	500000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)
ചെലവ്	497000
റിക്വസിഷൻ നം	2220020/24.03.2023

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഹരിത കർമ്മ സേനയ്ക്ക് ഖരമാലിന്യ നീക്കത്തിന് ആവശ്യമായ വാഹനം വാങ്ങൽ എന്ന പദ്ധതിക്കായി ഫ്ലോററ്റ് ടോക്നോളജിസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന ഇലക്ട്രിക്ക് വാഹനം വാങ്ങിയിട്ടുണ്ട്. എന്നാൽ നിലവിലും വാഹനത്തിന് ഡ്രൈവറെ നിയോഗിച്ചിട്ടില്ല .

വാഹനത്തിന് ഡ്രൈവറെ നിയോഗിക്കാത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 19/22-23/09.10.2023 ന് ഹരിത കർമ്മ സേനാംഗങ്ങൾക്ക് തന്നെ ഡ്രൈവിംഗിൽ പരിശീലനം നല്കി വരുകയാണെന്നും പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് വാഹനം ഉപയോഗപ്രദമാക്കുമെന്നും മറുപടി നല്കി. വാഹനം നിഷ്ക്രിയാവസ്ഥയിലേക്ക് പോകാതിരിക്കുവാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-34 പഠന മുറി -നിർമ്മാണം പൂർത്തീകരിച്ചില്ല

വി ഇ ഒ (പാണ്ടനാട് സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഠന മുറി നിർമ്മാണം എന്ന പദ്ധതി 2022-23 ൽ പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം	63/23
പേര്	എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി
അടങ്കൽ	600000
ചെലവ്	450000

2022-23 കാലയളവിൽ മൂന്ന് പേരായിരുന്നു പദ്ധതിയുടെ ഗുണഭോക്താക്കളായി ഉണ്ടായിരുന്നത്. ഇതിൽ വിജേഷ് ഡി, യദുകുലം, ഷിജി എം.ജി, വലയിൽ വീട് എന്നീ ഗുണഭോക്താക്കൾ ആകെ അനുവദനീയമായ രണ്ട് ലക്ഷം രൂപയിൽ പദ്ധതി വർഷം രണ്ടു ഗഡുക്കളിലായി ആകെ 125000/-രൂപ മാത്രമാണ് കൈപ്പറ്റിയിരിക്കുന്നത്.

പഠന മുറി നിർമ്മാണം പൂർത്തീകരിക്കാത്തതിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം നം.12/22-23/07.10.2023 ന് ഫണ്ടിന്റെ അപര്യാപ്തതയാൽ 2022-23 ൽ മുഴുവൻ തുകയും നല്കാൻ സാധിച്ചില്ല എന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് നല്കുന്നതാണെന്നും മറുപടി നല്കി. ഗുണഭോക്താക്കൾക്ക് അർഹമായ തുക അനുവദിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം/പേര്	87/ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ	287500(വിഫ ജനറൽ) 287500(ഗുണഭോക്തൃ വിഹിതം)
ചെലവ്	287500(വിഫ ജനറൽ)
ബിൽ നം.	1228988/22.0.2023

നാലു മാസം മുതൽ ആറു മാസം വരെ പ്രായമായ കന്നു കുട്ടികളെ തെരഞ്ഞെടുത്ത് ഇൻഷുർ ചെയ്യുകയും അൻപതു ശതമാനം സബ്സിഡിയോടു കൂടി പാൽ സൊസൈറ്റി മുഖേന എല്ലാമാസവും കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുമായി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ബിൽ പ്രകാരം പിൻവലിച്ച തുക കാഫ് ഫീഡ് അസി.ഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയത് നല്കിയിട്ടുണ്ട് .

കാലിത്തീറ്റ വിതരണം നടത്തുന്ന സൊസൈറ്റിയുടെ പേര്, തെരഞ്ഞെടുത്ത ക്ഷീര കർഷകരുടെ വിവരം, പദ്ധതി നടത്തിപ്പിന്റെ പുരോഗതി എന്നിവ ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 09/22-23/06.10.2023) പാണ്ടനാട് ക്ഷീര സഹകരണ സംഘം വഴി, വിവിധ വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത 23 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതായും പദ്ധതിക്കായി കൈമാറിയ 287500/- രൂപയിൽ 105327/- രൂപ ചെലവഴിച്ചതായും 182173/- രൂപ നീക്കിയിരിപ്പുള്ളതായും മറുപടി നല്കി. കാഫ് ഫീഡ് അസി.ഡയറക്ടർ ലഭ്യമാക്കിയ 03.10.2023 ലെ യൂട്ടിലൈസേഷൻ പത്രിക പ്രകാരം പദ്ധതി നിലവിലും തുടർന്ന വരുന്നു. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 ഹരിത കർമ്മ സേനയുടെ പ്രവർത്തനം നിലവിലും പ്രാരംഭ ദശയിൽ

പാണ്ടനാട് ഗ്രാമ പഞ്ചായത്തിൽ 07.11.2019 ൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനം ആരംഭിച്ച് നാലു വർഷത്തോളമായിട്ടും പ്രവർത്തനം വളരെ മന്ദീഭവിച്ച അവസ്ഥയിൽ ആണ്. 13 വാർഡുകളിലായി 26 ഹരിത സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. ഒൻപതാം വാർഡിൽ ഒരു താല്ക്കാലിക എം.സി.എഫും എല്ലാ വാർഡുകളിലും മിനി എം.സി.എഫുകളും സ്ഥാപിച്ചിട്ടുണ്ട്. പത്താം വാർഡിൽ പുതിയ എം.സി.എഫ് ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. പ്ലാസ്റ്റിക്ക് ശേഖരിക്കുന്നതിന് വീടുകൾക്ക് 50/-രൂപയും കടകൾക്ക് 100/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ള ഫീസ് .

പ്രാദേശികമായ എതിർപ്പുകളും യൂസർ ഫീ നല്കേണ്ടതില്ല എന്ന പ്രചരണങ്ങളും യൂസർ ഫീ ഈടാക്കുന്നതിൽ വലിയ വെല്ലുവിളിയായി നിലനിൽക്കുന്നു. 2022-23 ൽ 64% ആണ് കളക്ട് ചെയ്ത യൂസർ ഫീ. സേനാംഗങ്ങൾക്ക് വേതനം നല്കാൻ ഇത് പര്യാപ്തമല്ലാത്തതിനാൽ 233978/-രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ ചെലവഴിച്ചു. 2023-24 പദ്ധതി വർഷത്തിൽ ഐ.ആർ.ടി.സി യെ ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തിട്ടുണ്ട്. സമീപ പഞ്ചായത്തുകൾ സമ്പൂർണ്ണ പ്ലാസ്റ്റിക്ക്

വിമുക്തമാകാനുള്ള ശ്രമങ്ങളിലൂടെ 100% കളക്ഷൻ നേടുന്ന സാഹചര്യത്തിൽ, പാണ്ടനാട് ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് ആവശ്യമായ ബോധവല്ക്കരണവും മാർഗ്ഗ നിർദ്ദേശങ്ങളും നല്കി ഹരിത കർമ്മ സേനയുടെ സേവനം വിപുലപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ഇടപെടലും ജാഗ്രതയും ഉണ്ടാകേണ്ടതാണ് .

1-37 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - **പാണ്ടനാട്** ഗ്രാമപഞ്ചായത്ത് പരിധിയിൽ 13 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു**.** അതിൽ 7എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്**. 5** എണ്ണം വാടക കെട്ടിടത്തിലും 1 എണ്ണം വാടക രഹിത കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്**.**

കുടിവെള്ളം- 13 അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ്‌ലെറ്റ്- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഉള്ള അങ്കണവാടികൾ പഞ്ചാത്തിലില്ല.

വൈദ്യുതി- എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷനുണ്ട് എന്നാണറയിച്ചിട്ടുള്ളതെങ്കിലും, ഓഡിറ്റ് സന്ദർശിച്ച വാർഡ് 3 ലെ 114ാം നം സ്മാർട്ട് അങ്കണവാടിയ്ക്ക് കെട്ടിടം പണി പൂർത്തീകരിച്ച് വയറിംഗ് ചെയ്തിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വൈദ്യുതകണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിയ്ക്കേണ്ടതാണ്.

ചുറ്റുമതിൽ- 110,111,112,114,116,118,119,121 എന്നീ അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. ചുറ്റുമതിലില്ലാത്ത അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എല്ലാ അങ്കണവാടികൾക്കും ഉണ്ട്.

6 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3105/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-38 ലോൺ ബാദ്ധ്യതയില്ലായെങ്കിലും ഉറവിടത്തിൽ നിന്നും തുക കുറവ് ചെയ്തു, വികസന ഫണ്ടിനത്തിൽ നഷ്ടം

ഓഡിറ്റ് വർഷം സ്ഥാപനത്തിന് ലോൺ ബാദ്ധ്യതയില്ല. മുൻ വർഷം (2021-22) വാർഷിക ധനകാര്യ പത്രിക (ബാലൻസ് ഷീറ്റ്) പ്രകാരം Secured Loan ഇനത്തിൽ തുകയൊന്നും അടവാക്കാൻ അവശേഷിച്ചിരുന്നില്ല. എങ്കിലും ഓഡിറ്റ് വർഷം ജി.ഒ പ്രോജക്ടായി 556944/- രൂപ വികസന ഫണ്ടിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/9.10.2023) മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകകൾ ഇപ്രകാരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ടി തുകകൾ തിരികെ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പ്ലാക്കീഴിൽ പടി കോതേക്കാട്ടിൽപ്പടി റോഡ് പുനരുദ്ധാരണം-അപാകതകൾ

പ്രോജക്റ്റ് നം	S0108/22
പി.എ.സി	617798.2
കരാറുകാരൻ	ഡൊമിനിക് ഡേവിഡ്
കരാർ നം.	17/AE/LSGD/PND/21-22 /15.12.21

എം ബുക്ക് നം.	17/22, 17 B/22
ചെലവ് തുക	374325 രൂപ, ബിൽ ക്രമ നം.4/09.12.22
ഫണ്ട്	റോഡ് മെയിന്റനൻസ് ഗ്രാന്റ്

പ്ലാക്കീഴിൽ പടി കോതേക്കാട്ടിൽപ്പടി റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല - പിഴ ഈടാക്കിയതിൽ കുറവ്

15.12.21 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസം ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 10.04.23ൽ മാത്രമാണ്. കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിയിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് യാതൊരു നടപടികളും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ഫൈനൽ ബില്ലിൽ നിന്നും 4674 രൂപ പിഴയായി ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കിയിട്ടില്ല.

2)ബാരൽ ജി.എസ്.റ്റി തനത് ഫണ്ടിൽ വകയിരുത്തിയിരിക്കുന്നു.

ബാരൽ ജി.എസ്.റ്റി ഇനത്തിലുള്ള 557രൂപ Sale Of Empties And Waste Material എന്ന ഇനത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കിയിരുന്നു. ടി തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ടോയെന്ന് വിശദീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/07.10.2023), സമീപത്തെ പാടത്ത് കൃഷി ഇറക്കിയതും കാറി സമരവും മഴയും കരാറുകാരന്റെ ജി.എസ്.റ്റി ബ്ലോക്ക് ആയതും കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകിയതെന്നാണ് മറുപടി. എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന എന്തെങ്കിലും കത്തിടപാടുകളോ കമ്മറ്റി തീരുമാനമോ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയോടൊപ്പം പരാമർശിച്ചിട്ടില്ല. പദ്ധതി ഫയലിലും മറുപടിയെ സാധൂകരിക്കുന്ന രേഖകളൊന്നുമില്ല. തന്നെയുമല്ല പി.ഡബ്ല്യു.ഡി മാനുവലിലെ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടുമില്ല. ആയതിനാൽ പി.എ.സി യുടെ 3% എന്ന നിരക്കിൽ താഴെ പറയും പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക - പി.എ.സി യുടെ 3%, 617798.2 X3% = 18534

പിഴ ഇനത്തിൽ ഈടാക്കിയ 4674 രൂപ കഴിച്ചുള്ള 13860 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കുക. ബാരൽ ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതുമാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത് ചെങ്ങന്നൂർ	2022-23	100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	100000	0
		359665	നെൽകൃഷിക്ക് വിത്ത് വിതരണം	359665	0
		500000	അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് – 6	500000	0
		100000	പാലിന് ഇൻസെന്റീവ്	100000	0
ജില്ലാ പഞ്ചായത്ത് ആലപ്പുഴ	2022-23	450000	നെൽകൃഷിക്ക് വിത്ത് വിതരണം	450000	0
		450000	സ്ട്രീറ്റ് ലൈൻ എക്സറ്റൻഷൻ	450000	0
		149750	ശാരീരിക മാനസിക വെല്ലുവിളി	149750	0

		നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്		
	185148	എം.വി.ലൈബ്രറിക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ	185148	0
	392668	മിത്രമഠം ഇല്ലിമല മൂഴിക്കൽതോട് കൈവഴി പാർശ്വ ഭിത്തി നിർമ്മാണം	392668	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നം /ചെക്ക് നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
1	കെ.എസ്.ഇ.ബി	സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ	XVFC/22-23 /25.10.22	129564	129564	0
2	കെ.എസ്.ഇ.ബി	സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ	47,60/29.03.23	741459	741459	
3	കെ.എസ്.ഇ.ബി	വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	23.53/10.03.23	246142	246142	0

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	23288588
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	17146527
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	13860
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2138926

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നം	തുക	ഉത്തരവാദിയ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	13860	ശ്രീമതി.മേരി ജിഷ.പി.ജെ. അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

1-16	1187170	ശ്രീമതി ഷൈലജ.പി.എം സെക്രട്ടറി
1-19	15600	ശ്രീമതി മേരി ജിഷ പി ജെ, അസിസ്റ്റന്റ് എഞ്ചിനീയർ
1-28	6800	ശ്രീ. ബൈജു.റ്റി.എസ്സ് വി.ഇ.ഒ
1-30	636500	ശ്രീമതി ശ്രുതി ശങ്കർ.വി.ഇ.ഒ
1-31	292856	ഡോ.സുരേഷ് കുമാർ എം.ഒ, പി.എച്ച്.സി
	2138926	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി മേരി ജിഷ പി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്	ബോണിഫേസ്, ചാരങ്കാട്ട്, പൊള്ളേത്തൈ.പി.ഒ, ആലപ്പുഴ
ഡോ.സുരേഷ് കുമാർ എം.ഒ, പിഎച്ച്.സി	സി.എച്ച്.സി, പാണ്ടനാട്	അശ്വതി, ഒരീപ്രം, ചെന്നിത്തല.പി.ഒ, ആലപ്പുഴ
ശ്രീമതി ഷൈലജ.പി.എം സെക്രട്ടറി	സെക്രട്ടറി പുലിയൂർ ഗ്രാമ പഞ്ചായത്ത്	പ്രണവം വിഷവർശ്ശേരിക്കര മാന്നാർ.പി.ഒ, ആലപ്പുഴ
ശ്രീ. ബൈജു.റ്റി.എസ്സ് വി.ഇ.ഒ	വി.ഇ.ഒ താമരക്കുളം ഗ്രാമ പഞ്ചായത്ത്	ബൈജു ഭവനം ചുനക്കര കിഴക്ക് ചുനക്കര.പി.ഒ, ആലപ്പുഴ
ശ്രീമതി ശ്രുതി ശങ്കർ. വി.ഇ.ഒ	ഇന്ത്യൻ റയിൽവേ	തോണ്ടലിൽ വീട്, പുലിയൂർ പി ഒ, ചെങ്ങന്നൂർ, ആലപ്പുഴ 689109

<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.ജി.എ5-1832/11 /1-2-2012
1998-99	എൽ.എഫ്.ജി.എ5-1832/11 /1-2-2012
1999-2000	എൽ.എഫ്.ജി.എ5-1832/11 /1-2-2012
2002-03 (ചെലവ്)	എൽ.എഫ്.ജി.എ5-1832/11 /1-2-2012
2003-04 (ചെലവ്)	എൽ.എഫ്.ജി.എ5-1832/11 /1-2-2012
2004-05 (ചെലവ്)	എൽ.എഫ്.ജി.എ5-1832/11 /1-2-2012
2005-06	എൽ.എഫ്.ജി.എ5-1832 /11 /1-2-2012
2006-07	എൽ.എഫ്.ജി.എ5-1577B/14 /4-5-2014
2007-08	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2008-09 2009-2010	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023

2010-2011	
2011-2012 2012-2013	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2013-2014	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2014-2015	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2015-16	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2016-17	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2017-18	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2018-19	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2019-20	കെ.എസ്.എ-എ.എൽ.പി-പി.7/123/2022/24.02.2022
2020-21	കെ.എസ്.എ-എ.എൽ.പി-പി.7/124/2022/24.02.2022
2021-22	കെ.എസ്.എ-എ.എൽ.പി-പി.7/76/2023/29.03.2023

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 26-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pandanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pandanad Grama Panchayat for the year 2022-2023

Date: 01/12/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pandanad Grama Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1) Development Fund (General) amount is not matching with A.C.R
2) MNREGS-Expenditure amounts not matching with M.I.S statement
3) The loan calculation is incorrect
4) Special Purpose Grants Balance amount is not matching with ACR
5) Previous year closing balance does not match with current year opening balance in e-payment account
6) The accuracy of the amount of Excess Income over Expenditure is not explained
7) The amount remaining in the B-18 schedule as festival advance is not explained
8) Details of the amount Directly debited by bank are not available
9) The details of the amount paid for Deposit works is not explained
10) The accuracy of the amount as Capital Work in Progress has not been explained
11) Property tax DCB- sanchaya - ILGMS figures not matching
12) All statements are not included in the annual financial statements
13)Cash flow statement- does not reflect correct figure
14) Valuation of panchayat assets not done
15) Government/Other dues register not maintained.
16) Items adjusted as Prior Period-Notes on Account not prepared.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്